(ബി) പാഠ്യപദ്ധതി, പാഠ്യേതര പദ്ധതി എന്നിങ്ങനെയുള്ള വേർതിരിവ് ഇപ്പോഴില്ല. പകരം വൈജ്ഞാനിക മേഖലയും സഹവൈജ്ഞാനിക മേഖലയുമാണുള്ളത്. വൈജ്ഞാനിക മേഖലയിൽ പാഠപുസ്തകങ്ങൾ ഉള്ള വിഷയങ്ങളും സഹവൈജ്ഞാനികമേഖലയിൽ പ്രവൃത്തി പരിചയം, ആരോഗ്യവും കായികാഭ്യാസവും എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു. വൈജ്ഞാനിക മേഖലയിലും സഹവൈജ്ഞാനിക മേഖലയിലും പഠിതാവ് നിശ്ചിത മികവ് പുലർത്തേണ്ടതാണ്.

(സി) ഇല്ല.

(ഡി) ഉണ്ട്.

(ഇ) പുതിയ സിലബസ് പ്രകാരം പഠിപ്പിക്കുന്നതിന് അദ്ധ്യാപകർക്ക് വെക്കേഷൻ കാലത്ത് തന്നെ പരിശീലനം നൽകി തുടങ്ങിയിരുന്നു. പരിശീലനം ഇനിയും നേടിയിട്ടില്ലാത്തവർക്ക് പരിശീലനം നൽകാൻ നടപടി സ്വീകരിച്ചു വരുന്നു.

അദ്ധ്യാപകരുടെ നിയമനങ്ങളിൽ അന്ധരായ ഉദ്യോഗാർത്ഥികൾക്ക് സംവരണാനുകൂല്യം

168 (2890) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈസ്കൂൾ അദ്ധ്യാപകരുടെ നിയമനങ്ങളിൽ അന്ധരായ ഉദ്യോഗാർത്ഥികൾക്ക് സംവരണാനുകൂല്യം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ ;

(സി) കൊല്ലം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ വിവിധ തസ്തികകളിൽ അന്ധർക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള ഒഴിവുകൾ എത്രയാണ് ;

(ഡി) അന്ധർക്കായി സംവരണം ചെയ്തിട്ടുള്ള ഒഴിവുകളിൽ യഥാസമയം നിയമനം നടത്തുന്നതിൽ കൊല്ലം ജില്ലയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഈ വീഴ്ച പരിഹരിച്ച് അന്ധർക്ക് സംവരണം ചെയ്യപ്പെട്ടിട്ടുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് ജില്ലാ അധികാരികൾക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വികലാംഗരുടെ ക്വാട്ടയിൽ രണ്ട് പി.ഡി. ടീച്ചർമാരുടേയും ഒരു എച്ച് എസ്.എ. (സോഷ്യൽ സയൻസ്)യുടെയും 1 പ്യൂണിന്റെയും തസ്തികകൾ ജില്ലാ കളക്ടർക്ക് നിയമനത്തിനായി നൽകുന്നതാണ്. പ്രസ്തുത ലിസ്റ്റിൽ നിന്നും ക്വാട്ട അനുസരിച്ച് ജില്ലാ കളക്ടറാണ് അന്ധർക്ക് നിയമനം നൽകുന്നത്.

(ഡി) വീഴ്ച വരുത്തിയിട്ടില്ല.

(ഇ) നിയമാനുസൃതം ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അദ്ധ്യാപക-അനദ്ധ്യാപക നിയമനം അംഗീകരിച്ച് ശമ്പളം നൽകുന്നതിന് നടപടി

169 (2891) ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിക്ക ജില്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും, എയ്ഡഡ് സ്കൂളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനം കഴിഞ്ഞ് ഒരു വർഷത്തിന് മുകളിലായിട്ടും നിയമനം അംഗീകരിച്ച് ശമ്പളം നൽകുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ ഒരു വർഷത്തിന് മുകളിലായി ഏതെല്ലാം ജില്ല ഉപജില്ല വിദ്യാഭ്യാസ ഓഫീസുകളിലാണ് നിയമനം അംഗീകരിച്ച് ശമ്പളം നൽകാത്തതെന്ന് വെളിപ്പെടുത്തുമോ ;

(സി) കഴിഞ്ഞ വിദ്യാഭ്യാസ വർഷം നിയമനം ലഭിച്ചിട്ടും നാളിതുവരെയും അംഗീകാരം ലഭിക്കാത്ത ഉദ്യോഗാർത്ഥികൾ എത്രയെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ സഹിതം അറിയിക്കാമോ ;

(ഡി) എന്ത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം നിയമനാംഗീകാരം നൽകാത്തതെന്നും, പ്രസ്തുത ഉത്തരവിന്റെ ഒരു കോപ്പിയും ലഭ്യമാക്കുമോ ;

(ഇ) മേൽപ്പടി വിഭാഗത്തിന്റെ നിയമനം അംഗീകരിക്കാത്തതുമൂലം ഇവർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് അംഗീകാരത്തിന് തടസ്സമുള്ള ഉത്തരവ് റദ്ദ് ചെയ്ത്, നിയമനം ഉടൻ അംഗീകരിക്കുന്നതിനാവശ്യമായ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly